യൂണിവേഴ്സിററി ലൈവ്സ്റ്റോക്ക് ഫാം ആൻറ് ഫോഡർ റിസർച്ച് ആൻറ് ഡവലപ്മെൻറ് സ്കീം
കേരള വെറ്ററിനറി ആൻറ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
മണ്ണുത്തി പി.ഒ, തൃശൂർ, കേരള, ഇൻഡ്യ-680 651
ഫോൺ :0487-2370302 ഇമെയിൽ :ulfmty@kvasu.ac.in

നം. യു.എൽ.എഫ്/എം.ടി.വൈ/ജി/1863/2019

മണ്ണുത്തി, തീയതി : 18.08.2025

## നോട്ടീസ്

കേരള വെറ്ററിനറി ആൻറ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി ലൈവ്സ്റ്റോക്ക് ഫാം & ഫോഡർ റിസർച്ച് ഡെവലപ്പ്മെൻറ് സ്കീമിന്റെ സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ ഒരു മാസം ദൈർഘ്യമുള്ള സ്റ്റൈപെന്റോട് കൂടിയ പരിശീലന പരിപാടിയായ "തൊഴിൽ രഹിതരായ യുവജനങ്ങൾക്കുള്ള ക്ഷീരോത്പാദന മേഖലയിലെ സംരംഭകത്വ സ്റ്റൈപ്പൻഡറി പരിശീലന പരിപാടി" 2025-26 വർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു (ഓരോ ബാച്ചിലും 10 പേർ വീതം). അപേക്ഷകർ തൃശ്ശൂർ ജില്ലയിൽ താമസമുള്ളവരും, 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ളവരും, നല്ല കായിക ക്ഷമതയുള്ളവരും ആയിരിക്കണം. സ്ത്രീകൾക്കും പുരുഷന്മാർക്കും അപേക്ഷിക്കാം. 10-ാം ക്ലാസ്സ് പാസ് ആണ് മിനിമം വിദ്യാഭ്യാസ യോഗ്യത.

ഈ പരിശീലന പദ്ധതിയുടെ സവിശേഷതകളുടെ സംക്ഷിപ്തരൂപം താഴെ ചേർക്കുന്നു.

1. കന്നുകാലികളുടെയും കറവ പശുക്കളുടെയും വളർത്തലിലും ഫാം മാനേജ്മെന്റിലുമുള്ള ശാസ്ത്രീയ രീതികളെ കുറിച്ച് പരിശീലനം നൽകുന്നു.
2. ലാഭകരമായ ക്ഷീരോൽപാദന യൂണിറ്റുകൾ നടത്തുന്നതിൽ പരിജ്ഞാനം നൽകുന്നു.
3. ശാസ്ത്രീയ ഫീഡിംങ് മാനേജ്മെന്റ്, തീറ്റപ്പുൽ കൃഷി, എന്നിവയിലുള്ള പരിശീലനം നൽകുന്നു.
4. മണ്ണിര കമ്പോസ്റ്റിംഗ്, സൈലേജ് നിർമ്മാണം തുടങ്ങിയവയിൽ പരിശീലനം നൽകുന്നു.
5. സർവ്വകലാശാല നൽകുന്ന അംഗീകൃത സർട്ടിഫിക്കറ്റ് ലഭിക്കുന്നു.
6. പ്രതിമാസം 5000/- രൂപ സ്റ്റൈപെന്റായി ലഭിക്കുന്നതിലൂടെ പരിശീലനത്തോടൊപ്പം ചെറിയ ഒരു വരുമാനവും ലഭ്യമാകുന്നു.

ഈ പരിശീലനത്തിനായുള്ള നേരിട്ടുള്ള അഭിമുഖം ഈ ഫാമിൽ വച്ച് 27.08.2025 രാവിലെ 11.00 മണിക്ക് നടത്തുന്നു. അഭിമുഖത്തിൽ പങ്കെടുക്കുന്നവർ സർക്കാർ അംഗീകരിക്കുന്ന വയസ്സ് തെളിയിക്കുന്ന രേഖ (SSLC/TC), ആധാർ കാർഡ് തുടങ്ങിയ രേഖകളുടെ അസ്സലും പകർപ്പും കൊണ്ടു വരേണ്ടതാണ്. ഈ പരിശീലനത്തിനായുള്ള സൗജന്യ അപേക്ഷ ഫോറം www.kvasu.ac.in എന്ന വെബ്സൈറ്റിൽ നിന്നും അല്ലെങ്കിൽ അന്നേ ദിവസം വരെ യൂണിവേഴ്സിറ്റി ലൈവ്സ്റ്റോക്ക് ഫാം, മണ്ണുത്തി ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487-2370302, 9846024361 എന്ന നമ്പറിൽ ബന്ധപ്പെടുക.

അസോസിയേറ്റ് പ്രൊഫസർ & ഹെഡ്

Associate Professor and Head,
University Livestock Farm & Fodder
Research & Development
Scheme, Kerala Veterinary and Animal Sciences
University, Mannuthy, Thrissur -680651

**യൂണിവേഴ്സിററി ലൈവ്സ്റ്റോക്ക് ഫാം ആൻറ് ഫോഡർ റിസർച്ച് ആൻറ് ഡവലപ്മെൻറ് സ്കീം**
കേരള വെറ്ററിനറി ആൻറ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
മണ്ണുത്തി പി.ഒ, തൃശൂർ, കേരള, ഇൻഡ്യ-680 651
ഫോൺ :0487-2370302 ഇമെയിൽ :ulfmty@kvasu.ac.in

## തൊഴിൽ രഹിതരായ യുവജനങ്ങൾക്കുള്ള ക്ഷീരോത്പാദന മേഖലയിലെ സംരംഭകത്വ സ്റ്റൈപ്പൻഡറി പരിശീലന പരിപാടി

### അപേക്ഷ ഫോറം

പാസ്പോർട്ട് ഫോട്ടോ

1. പേര് : ........................
2. ആധാർ നമ്പർ: ........................
3. ലിംഗം : ........................
4. വയസ്സ് : ........................
   (*സർക്കാർ അംഗീകരിക്കുന്ന വയസ്സ് തെളിയിക്കുന്ന രേഖ)
5. മേൽവിലാസം :..........................................................................
   ..........................................................................
   ..........................................................................
   (*തൃശ്ശൂർ ജില്ലയിൽ താമസം തെളിയിക്കുന്ന രേഖ)
6. ഫോൺ നമ്പർ :..............................

*രേഖകളുടെ പകർപ്പ് അപേക്ഷയോടൊപ്പം ചേർക്കണം

### സാക്ഷ്യപത്രം

മേൽ പറഞ്ഞ കാര്യങ്ങളും ഉള്ളടക്കം ചെയ്ത രേഖകളും സത്യമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. പരിശീലനത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ സ്ഥാപനത്തിന്റെ അച്ചടക്കത്തിന് വിധേയമായി പരിശീലനത്തിൽ പങ്കെടുത്ത് കൊള്ളാമെന്ന് ഇതിനാൽ അറിയിക്കുന്നു.

തീയതി : ഒപ്പ് :

സ്ഥലം : പേര് :